



# ഗാന്ധിജി എനിക്ക് എന്തു തന്നു?

ഇടശ്ശേരി

ഞാൻ 1906–ൽ ജനിച്ചു. എട്ടാം വയസ്സിൽ ഒന്നാംലോക മഹായുദ്ധം ആരംഭിച്ചു. അതിലെ വൻവേഷങ്ങളെക്കുറിച്ച് അക്കാലത്തുതന്നെ കേട്ടറിവുണ്ട്. പക്ഷേ, മാപ്പിള ലഹളക്കാലത്താണ് ഹോം റൂളിനെക്കുറിച്ചും മഹാത്മാഗാന്ധിയെക്കുറിച്ചും കേട്ടത്. ഗൃഹസദസ്സിൽവെച്ചാണ് ആദ്യത്തെ റിപ്പോർട്ട് കിട്ടിയത്. ഏതോ ആപ്പീസിലെ ഗുമസ്തനായിരുന്നതുകൊണ്ട് ഗവൺമെന്റിന്റെ ആളായ ഞങ്ങളുടെ ഒരു ബന്ധു ആവേശപൂർവം അമ്മയെ പറഞ്ഞു കേൾപ്പിക്കുകയായിരുന്നു. 'അയാൾ ഒരു മഹാതെമ്മാടി'യാണെന്ന്. ആ പൊളിഞ്ഞ നാലുകെട്ടിൽനിന്ന് പിന്നെ പലപ്പോഴും മഹാത്മാവിന്റെ നേർക്ക് ഒരായിരം ശാപങ്ങൾ ഉയർന്നിരുന്നു. ഇതിനെതിരായ റിപ്പോർട്ടാണ് അന്നത്തെ അധ്യാപകന്റെ മുഖത്തുനിന്നു കിട്ടിയത്. എന്തോ അതു വിശ്വസിക്കാനാണ് എന്റെ ഇളംമനസ്സ് ഇഷ്ടപ്പെട്ടത്. അതുകൊണ്ട് ഈ ശാപവാക്കുകളുടെ നേർക്ക് കനത്ത പ്രതിഷേധത്തോടുകൂടി, അത്തരം സന്ദർഭങ്ങളിൽ ഞാൻ സ്വകാര്യമായി ഇറങ്ങിപ്പോക്കു നടത്തിയിരുന്നു.

സ്വാതന്ത്ര്യലബ്ധിക്ക് അടുത്തൊരു ദിവസം യദൃച്ഛയാ തൃശ്ശൂർവെച്ച് ഒരു സ്നേഹിതൻ മറ്റൊരു സ്നേഹിതനോട് പറയുന്നതു കേട്ടു, 'ഗാന്ധി കള്ളനാണെ'ന്ന്. അദ്ദേഹം ജന്മിമുതലാളിമാർക്ക് കൂട്ടുനിൽക്കുന്നുവെന്നാണ് ആക്ഷേപം. അസഹനീയമായ ആ രംഗത്തുനിന്നും ഞാൻ കാര്യാന്തരവ്യാജേന രക്ഷപ്പെട്ടു.

ഈ രണ്ടു ബ്രാക്കറ്റുകൾക്കിടയിൽ എന്റെ ഈ ഒഴിഞ്ഞുമാറുന്ന സ്വഭാവവും-അതു ഭീരുതയല്ലാതെ മറ്റൊന്നുമായിരുന്നില്ല-ഗാന്ധിജി പഠിപ്പിച്ച നിർഭയതയും തമ്മിൽ പല കെട്ടിമറിച്ചിലുകളും നടന്നിട്ടുണ്ട്. അഥവാ എന്റെ ജീവിതത്തിന്റെ നല്ല ഭാഗം മുഴുവനും ഞാൻ എന്നോടുതന്നെ നിർദയം ചെയ്ത തീവ്ര സമരങ്ങളുടെ ചരിത്രമാണ്.

വിജയിച്ചുവോ? പറയാറായില്ല. അഥവാ പറയേണ്ടത് എന്റെ പിന്മുറയാണ്.

ജീവിതത്തിലെ കഥ ഇതാണെങ്കിൽ എന്റെ സാഹിത്യനിർമാണ വ്യവസായത്തിലെ കഥ മറ്റൊന്നാണ്. ഞാൻ ഗാന്ധിജിയെ ചിത്രീകരിക്കുന്ന ഒരു കവിതയും എഴുതീട്ടില്ല. അദ്ദേഹത്തിന്റെ പേരിൽ എന്റെ മനസ്സ് ഏറ്റവും വ്യാകുലമായ സന്ദർഭം കസ്തൂർബാഗാന്ധി ചരമമടഞ്ഞു എന്നു കേട്ടപ്പോഴാണ്. ആ മനസ്വിനിയെക്കുറിച്ച് ഒരു കൊച്ചുകവിതയെഴുതി, 'നമ്മളുടെ അമ്മ.'

ഗാന്ധിജി എന്ന വ്യക്തിയെ ചിത്രീകരിച്ചില്ല എങ്കിലും ഗാന്ധിജിയെ സ്മരിച്ചുകൊണ്ടല്ലാതെ സാഹിത്യത്തിൽ ഒരു വരിപോലും ഇന്നുവരെ ഞാനെഴുതീട്ടില്ല. കാവ്യനിർമിതിക്ക് ഒരുമ്പെടുന്ന എന്റെ മനസ്സിൽ ആ മഹാത്മാവിന്റെ ആശയാദർശങ്ങളോട് അനുകൂലമായും പ്രതികൂലമായും ഉയർന്നുവന്ന എല്ലാ പ്രതികരണങ്ങളും എന്റെ എഴുത്തിൽ പ്രതിഫലിച്ചിട്ടുമുണ്ട്. അനുകൂലമായ പ്രതികരണങ്ങൾ ഒരു നിരൂപകനെക്കൊണ്ട് എന്നെ 'അചികിത്സ്യനായ ശുഭാപ്തിവിശ്വാസക്കാരൻ' എന്നുവരെ വിശേഷിപ്പിച്ചു. പ്രതികൂലമായവയെ എടുത്തുനിരത്തി, ഞാനൊരു കമ്യൂണിസ്റ്റാണെന്നു പറഞ്ഞുപരത്തിയവരുണ്ട്. ഈ രണ്ടിനും ആസ്പദം ഞാൻ ഇന്നും പഠിച്ചു കൊണ്ടിരിക്കുന്ന ഗാന്ധിയൻ മാർഗങ്ങളോട് എനിക്കുള്ള പ്രിയാപ്രിയങ്ങളാണ്.

ജീവിതത്തെക്കുറിച്ച് സാരമായി ചിന്തിച്ചവരിൽ എനിക്ക് പരിചിതൻ മഹാത്മജി മാത്രമാണ്. അതുകൊണ്ട് എന്റെ ജീവിതത്തിൽ വളർച്ചയെന്നു വിശേഷിപ്പിക്കാവുന്ന വല്ല പരിവർത്തനവുമുണ്ടായിട്ടുണ്ടെങ്കിൽ അതിനുള്ള പ്രേരണ മറ്റൊരാചാര്യനിൽ നിന്നാവാൻ വയ്യ.

ഈ പ്രകരണം അവസാനിക്കുന്നതിനുമുമ്പ് എന്റെ സ്വകാര്യജീവിതത്തിലെ ഒരു ചെറിയ സംഭവം ഞാനിവിടെ കുറിച്ചിടാനാഗ്രഹിക്കുന്നു.

ഗാന്ധിജി നമ്മെ വിട്ടുപിരിഞ്ഞ ഉടനെ അദ്ദേഹത്തിന്റെ ഒരർധകായ ചിത്രം ഞാൻ വാങ്ങി ചില്ലിടുവാൻ കൊടുത്തിരുന്നു. രാത്രി പ്രവൃത്തികഴിഞ്ഞു വീട്ടിലെത്തി കുളിയും ഊണും കഴിഞ്ഞ് എഴുത്തുമേശയ്ക്കു മുമ്പിൽ ചെന്നിരുന്നപ്പോൾ ചട്ടയിട്ടുകഴിഞ്ഞ ആ ചിത്രം മേശമേൽ വെച്ചിട്ടുണ്ട്. അതെവിടെ തൂക്കണമെന്ന് ഞാൻ വന്ന് ആലോചിച്ചിട്ടുവേണമെന്നുവെച്ച എന്റെ കുടുംബിനി അതവിടെ വെച്ചതാവണം. എന്റെ മേശവിളക്കിന്റെ ദീപ്തി അടുത്തിരിക്കുന്ന ആ ചിത്രത്തെ സജീവമാക്കുന്നുണ്ടെന്ന് അപ്പോൾ ഞാൻ ശ്രദ്ധിച്ചില്ല. കാരണം, എന്റെ മനസ്സ് മറ്റിന്ദ്രിയസംവേദനങ്ങൾ ക്ഷണത്തിൽ പതിയാത്തവിധം കലങ്ങിമറിഞ്ഞിരുന്നു. ഞാനന്ന് അപമാനിതനായി വന്നിരിക്കയാണ്. നിത്യജീവിതത്തിലെ ഒരു യദൃച്ഛാസംഭവം. ഒരു ഭീരുവിനു മുറിപ്പെട്ടാൽ അവൻ മനോരാജ്യത്തിൽനിന്ന് ഉണരില്ല. അവിടെ പക വീട്ടലാണ്, എല്ലാത്തരം നയതന്ത്രങ്ങളെക്കൊണ്ടുമുള്ള പകവീട്ടൽ. മനുഷ്യമനസ്സ് ഒട്ടിപ്പിടിക്കാൻ വിദ്വേഷത്തെപ്പോലെ പ

ശയുള്ള മറ്റൊരു വികാരമില്ല. മനോരാജ്യത്തിന്റെ ഒരു പതനത്തിൽവെച്ച് ഞാനുണർന്നു. പെട്ടെന്ന് വെട്ടിത്തിളങ്ങുന്ന ആ വർണചിത്രത്തിൽ എന്റെ കണ്ണുചെന്നു. ആ വിടർന്ന ചുണ്ടിലെ മൃദുലസ്മിതം എന്നെ അലോസരപ്പെടുത്തുന്നതായി തോന്നി. പെട്ടെന്ന് എന്തുചെയ്തുവെന്നോ? അന്നത്തെ ദിനപ്പത്രമെടുത്ത് ഞാനാ മുഖം മൂടി. പൊടുന്നനെ ഒരാക്രോശം എന്റെ ഉള്ളിൽനിന്നു മുഴങ്ങി. അത് ഉള്ളിൽനിന്നല്ല, പുറത്ത് എന്റെ അടുത്തുനിന്ന് ഉയർന്നതാണെന്നപോലെ വ്യക്തവും ഞെട്ടിപ്പിക്കുന്നതുമായിരുന്നു. 'ഗോഡ്സേ' എന്നാണ് ഞാൻ കേട്ടത്.

ഞാൻ കൈവിറയോടുകൂടി ആ മുഖാവരണം നീക്കി. കൊടുങ്കാറ്റിൽ കാർമേഘങ്ങൾ നീങ്ങിയ ആകാശത്തെ എന്റെ അന്തർനേത്രങ്ങൾ കണ്ടു. നടാടെ, ഞാനാ മഹാതേജസ്സിനുമുമ്പിൽ കണ്ണടച്ചു കൈകൂപ്പിനിന്നു. മരണംവരെ എനിക്ക് അനുസ്മരിക്കാനുള്ള രംഗം!

സാഹിത്യലോകം, വാല്യം 1 ലക്കം 2, സപ്തംബർ, ഒക്ടോബർ 1969, പു. 5–6

